പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **3806** — 19.02.2013 ൽ മറുപടിയ്ക്ക്

## സൂര്യനെല്ലിക്കേസിന്റെ പുന:രന്വേഷണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി. കെ. കെ. ലതിക | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സൂര്യനെല്ലിക്കേസിൽ ശ്രീ. പി. ജെ. കുര്യനെതിരെയുള്ള ആരോപണങ്ങൾ അന്വേഷിക്കുന്നതിന് സാങ്കേതികമായോ നിയമപരമായോ തടസ്സങ്ങളുണ്ടെന്ന് കരുതുന്നുണ്ടോ ;<br><br>(ബി) എങ്കിൽ, വ്യക്തമാക്കാമോ ; | (എ) & (ബി) | സൂര്യനെല്ലിക്കേസിൽ ശ്രീ. പി. ജെ. കുര്യനെതിരെ തുടരന്വേഷണം നടത്തുന്നത് നിയമപരമായി നിലനിൽക്കില്ലെന്നാണ് ഇതു സംബന്ധിച്ച് ഗവൺമെന്റിനു ലഭിച്ച നിയമോപദേശം. |
| (സി) സൂര്യനെല്ലി കേസുമായി ബന്ധപ്പെട്ട് ശ്രീ. പി. ജെ. കുര്യൻ ഇതുവരെ ഏതെങ്കിലും കോടതിയിൽ വിചാരണയ്ക്ക് വിധേയനായിട്ടുണ്ടോ ; | (സി) | ക്രിമിനൽ നടപടി സംഹിത അനുസരിച്ച് പ്രതിക്കെതിരെ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ സാധൂകരിക്കത്തക്ക വിധം മതിയായ തെളിവില്ലെന്നു കണ്ടാൽ ക്രിമിനൽ നടപടി സംഹിത 227-ാം വകുപ്പ് പ്രകാരം പ്രതിയെ കുറ്റവിമുക്തമാക്കിക്കൊണ്ട് കോടതിയ്ക്ക് ഉത്തരവ് പുറപ്പെടുവിക്കാം. ശ്രീ. പി.ജെ. കുര്യനെതിരെയുള്ള കുറ്റാരോപണങ്ങളിൽ മതിയായ തെളിവില്ലെന്നും കുര്യനെതിരെയുള്ള കേസ് കളവാണെന്നും അപകീർത്തികരമാണെന്നും കണ്ടെത്തി ബഹു. കേരളാ ഹൈക്കോടതി Crl. RP 3921/2006 നമ്പർ കേസിൽ 04.04.2007-ാം തീയതി ശ്രീ. പി.ജെ. കുര്യനെ കുറ്റവിമുക്തമാക്കിയതും ആയതിന്റെ വെളിച്ചത്തിൽ കുര്യൻ കുറ്റവിചാരണ |

.....2

| | | | |
|---|---|---|---|
| | | | നേരിട്ടിട്ടില്ലാത്തതുമാണ്. ബഹു. കേരളാ ഹൈക്കോടതിയുടെ വിധി സുപ്രീം കോടതി ശരിവച്ചിട്ടുള്ളതുമാണ്. ഇപ്പോഴും പ്രസ്തുത വിധി ഫലത്തിലും ബലത്തിലും ഉള്ളതുമാണ്. |
| (ഡി) | സുപ്രീം കോടതി തീർപ്പുണ്ടാക്കിയ അഞ്ചേരി ബേബി വധം, ജയകൃഷ്ണൻ വധം എന്നീ കേസുകളിൽ പുനരന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ, സൂര്യനെല്ലി കേസിൽ എന്തുകൊണ്ട് പുനരന്വേഷണം സാധ്യമല്ലെന്ന് വ്യക്തമാക്കുമോ ? | (ഡി) | ഉണ്ട്. സർക്കാരിനു ലഭിച്ച നിയമോപദേശത്തിന്റെ വെളിച്ചത്തിൽ സൂര്യനെല്ലി കേസിൽ തുടരന്വേഷണം നിലനിൽക്കാത്തതുകൊണ്ട് സൂര്യനെല്ലി കേസിൽ തുടരന്വേഷണമോ പുനരന്വേഷണമോ നടത്താൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ